**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2042** 07.07.2015-ൽ മറുപടിയ്ക്ക്

# തെരുവുവിളക്കുള്ള വൈദ്യുതി പോസ്റ്റിന് മീറ്റർ.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പഞ്ചായത്തുകളിൽ തെരുവുവിളക്കുകൾ കത്തിക്കുന്നതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വൈദ്യുതി ബോർഡും തമ്മിലുള്ള തർക്കം പരിഹരിക്കുന്നതിന് തെരുവുവിളക്കുള്ള ഓരോ വൈദ്യുതി പോസ്റ്റിനും മീറ്റർ ഘടിപ്പിക്കുന്നതു സംബന്ധിച്ച് ബോർഡിന്റെ തീരുമാനം വ്യക്തമാക്കാമോ ; | (എ) & (ബി) | 01.04.2014 ന് നിലവിൽ വന്ന കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ന്റെ 102.(7), 102.(8) എന്നീ സെക്ഷനുകൾ പ്രകാരം പുതിയ തെരുവു വിളക്ക കണക്ഷനുകൾ മീറ്ററുകൾ സ്ഥാപിച്ച മാത്രം നൽകേണ്ടതും മീറ്ററുകൾ സ്ഥാപിച്ചിട്ടില്ലാത്ത തെരുവു വിളക്കുകൾക്ക് 24 മാസങ്ങൾക്കകം മീറ്ററുകൾ സ്ഥാപിക്കേണ്ടതും ആണ്. തെരുവു വിളക്കുകൾക്ക് ഘടിപ്പിക്കവാനുള്ള മീറ്ററുകൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. ഇതിനോടകം പണം അടച്ചിട്ടുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽപ്പെടുന്ന പ്രദേശങ്ങളിലെ തെരുവുവിളക്കുകൾക്ക് മീറ്ററുകൾ ഘടിപ്പിക്കുന്ന പ്രവൃത്തികൾ നടന്നു വരികയാണ്.<br><br>'കത്താത്ത തെരുവു വിളക്കുകൾക്ക് ചാർജ്ജ് അടയ്ക്കേണ്ടി വരുന്നു' എന്നുള്ള പരാതിക്ക് തെരുവു വിളക്കുകൾക്ക് മീറ്ററുകൾ ഘടിപ്പിച്ചു കഴിയുമ്പോൾ പരിഹാരം ഉണ്ടാവുന്നതാണ്. |
| (ബി) | പ്രസ്തുത മീറ്റർ ഘടിപ്പിച്ചാൽ തെരുവുവിളക്കുകൾ കത്തുന്നതിനു മാത്രം ചാർജ്ജ് ഈടാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരാതി ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ? | | |

**സെക്ഷൻ ഓഫീസർ.**